## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## പി.ജെ.ചാക്കോയുടെ പെൻഷൻ ആനുകൂല്യങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1671 7/03/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പോലീസ് സേനയിൽ കോൺസ്റ്റബിൾ ആയി വിരമിച്ച ശ്രീ. പി.ജെ ചാക്കോ CPO നമ്പർ PC-1737 ന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല എന്ന പരാതിയിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കാമോ; ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കൊച്ചി സിറ്റിയിൽ സേവനത്തിലിരിക്കെ 15/9/2016 തീയതി മരണമടഞ്ഞ ശ്രീ.പി.ജെ.ചാക്കോയുടെ (പി.സി.1737) 07/3/2001 മുതൽ 24/11/2004 വരെയുള്ള സസ്പെൻഷൻ കാലയളവ് തീർപ്പാക്കി ഉത്തരവായതിനെ തുടർന്ന് ടിയാന്റെ ലീവ് ക്രമീകരിച്ച്, അവധിയെടുത്തതുമൂലം കൂടുതലായി വാങ്ങിയ ശമ്പളത്തിന് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയ്ക്കും, തൊടുപുഴ സബ് ട്രഷറിയ്ക്കും അയച്ചുകൊടുത്തിട്ടുള്ളതാണ്. |
| (ബി) | ഫയൽ നമ്പർ H1/29424/2010 എന്ന ഫയലിന്റെ തുടർനടപടികൾ വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചുള്ള കാരണങ്ങൾ പരാതിക്കാരനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | ശ്രീ. പി.ജെ.ചാക്കോയുടെ പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചുകൊണ്ടും ടിയാന്റെ സസ്പെൻഷൻ കാലം എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിച്ചുകൊണ്ടും 30/11/2017 തീയതിയിലെ സ.ഉ (ആർ.റ്റി) 3200/2017/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ പകർപ്പാണ് H1/29424/2010 എന്ന ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൻപ്രകാരം പ്രതിപാദ്യവിഷയം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി അനന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുന്നതിനായി പോലീസ് ആസ്ഥാനത്തെ മേലെഴുത്ത് നമ്പർ ജി1/83566/14 തീയതി 13/12/2017 പ്രകാരം ഇടുക്കി ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ശ്രീ. പി.ജെ.ചാക്കോയെ സംബന്ധിച്ച് ഡി.ജി.പി ഓഫീസിലും സെക്രട്ടേറിയറ്റിലും ഇപ്പോൾ നിലവിലുള്ള ഫയലുകളുടെ നമ്പർ അറിയിക്കാമോ? | (സി) | പോലീസ് ആസ്ഥാനത്തും സെക്രട്ടേറിയറ്റിലും ഇത് സംബന്ധിച്ച് ഫയലുകൾ ഒന്നും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ